**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : 0471-2724696
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2024 തീയതി. 09.01.2024

# സർക്കുലർ

**ബഹുമാനപ്പെട്ട പ്രസിഡന്റ്,**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ നിയമപരമായ അനിവാര്യതയാണ് സോഷ്യൽ ഓഡിറ്റ് എന്നതുകൊണ്ടുതന്നെ തൊഴിലുറപ്പ് പദ്ധതി വിഹിതം സംസ്ഥാനത്തിന് യഥാസമയം ലഭിക്കുന്നതിനുള്ള സുപ്രധാനമായ മാനദണ്ഡങ്ങളിലൊന്ന് സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കി റിപ്പോർട്ട് കേന്ദ്ര സർക്കാരിൽ ലഭ്യമാക്കുക എന്നുള്ളതാണ്. ഓരോ ആറ് മാസത്തിലൊരിക്കൽ എല്ലാ ഗ്രാമപഞ്ചായത്തുകളും നടപ്പാക്കുന്ന മുഴുവൻ പ്രോജക്ടുകളും ഗ്രാമസഭകളുടെ നേതൃത്വത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തുകയെന്നത് അത്യന്താപേക്ഷിതമാണ്.

സോഷ്യൽ ഓഡിറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടും ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടുക്കൂടിയും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നമുക്ക് വലിയൊരളവുവരെ കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട വിവിധ ഘട്ട പ്രവർത്തനങ്ങളിൽ പഞ്ചായത്തുകളിലെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പങ്കാളികളാക്കുന്നതിനും അവരെ കേൾക്കുന്നതിനും പരമാവധി പരിശ്രമങ്ങൾ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി നടത്തിയിട്ടുണ്ട്. എന്നാൽ ചിട്ടയായും സമയബന്ധിതമായും ഫയൽ പരിശോധന, ഫീൽഡ് പരിശോധന, ഓഡിറ്റ് നോട്ടിന് മറുപടി നൽകൽ, എക്സിറ്റ് മീറ്റിംഗ് നടത്തിപ്പ്, ഗ്രാമസഭകളുടെ സംഘാടനം, നടത്തിപ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വലിയൊരു പങ്ക് ഗ്രാമപഞ്ചായത്തുകൾ തികഞ്ഞ സഹകരണം നൽകി വരുന്നുണ്ട്. എന്നാൽ അപൂർവ്വം പഞ്ചായത്തുകൾ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നുണ്ട്. നിസ്സാരമായ കാരണങ്ങളുടെ പേരിൽ ഗ്രാമസഭകളുടെ നടത്തിപ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നിരന്തരം മാറ്റിവയ്ക്കുന്ന അനുഭവങ്ങൾ ഏറെയുണ്ട്.

നമ്മുടെ രാജ്യവും സംസ്ഥാനവും ലോകസഭാ തെരഞ്ഞെടുപ്പിന്റെ പടിവാതില്ക്കൽ എത്തിനിൽക്കുക ആണ്. നടപ്പ് വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ലോകസഭാ തെരഞ്ഞെടുപ്പ് വിജ്ഞാപനവും പെരുമാറ്റച്ചട്ടങ്ങളും നിലവിൽ വന്നു കഴിഞ്ഞാൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെയും പബ്ലിക് ഹിയറിംഗുകളുടെയും നടത്തിപ്പ് അസാദ്ധ്യമായി മാറുമെന്നുറപ്പാണ്. നിലവിലുള്ള സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി വിലയിരുത്തുമ്പോൾ നടപ്പ് പാദത്തിൽ 36 ശതമാനം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളും 16 ശതമാനം പബ്ലിക് ഹിയറിംഗുകളും പൂർത്തിയാക്കുന്നതിന് മാത്രമാണ് 2023 നവംബർ, ഡിസംബർ മാസങ്ങളിൽ നമുക്ക് കഴിഞ്ഞിട്ടുള്ളത്. ഇക്കാര്യം ഗൗരവമായി ബഹുമാനപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ കണക്കിലെടുക്കണമെന്നും അതുകൊണ്ടുതന്നെ ഇതുവരെ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കാൻ കഴിയാത്ത പഞ്ചായത്തുകളിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ **2024 ജനുവരി, ഫെബ്രുവരി മാസ**ങ്ങളിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാർ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

**പകർപ്പ്:** എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.